കെസിബിസി
മീഡിയ



# വത്തിക്കാൻ തരംഗം

Vol No.35 No.11 November 2025 Rs.5.00



ജെയിംസ് കെ.സി. മണിമല സ്മാരക സാഹിത്യ അവാർഡ് ചവിട്ടു നാടക രചയിതാവ് ബ്രിട്ടോ വിൻസെന്റിന്. 11,111 രൂപയും ഫലകവുമടങ്ങുന്നതാണ് അവാർഡ് നിരവധി ചവിട്ടു നാടകങ്ങൾ രചിച്ച ബ്രിട്ടോ വിൻസെന്റ് തന്റെ രചനകളിലൂടെ ചവിട്ടു നാടക കലയ്ക്ക് നൽകിയ സംഭാവനകൾ പരിഗണിച്ചാണ് അവാർഡ് നൽകുന്നത്.

# ജെയിംസ് കെ.സി. മണിമല സ്മാരക സാഹിത്യ അവാർഡ്

## ബ്രിട്ടോ വിൻസെന്റിന്








വത്തിക്കാൻ തരംഗം
VATHICAN THARANGAM
November - 2025
RN. 55 178/94
പുസ്തകം- 35
Monthly
ലക്കം-11


# ഉള്ളടക്കം


- എഡിറ്റോറിയൽ ... 04
- ക്രിസ്തീയ ഐക്യം ... 07
- ക്രിസ്തീയ കുടുംബങ്ങൾക്കുമുണ്ട് ... 11
- സമാധാന ദൂതരായി ... 19
- സ്നേഹത്തിന്റെ ... 21
- ഓർമ്മ ആദരം ... 24
- വാർത്തയും ചിന്തയും ... 26



*മുഖ്യരക്ഷാധികാരി*

- ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി

*രക്ഷാധികാരികൾ*

- ആർച്ച്ബിഷപ്പ് മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ
- ബിഷപ്പ് ആന്റണി മാർ സിൽവാനോസ്

*ചീഫ് എഡിറ്റർ* • ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ

*എഡിറ്റർ* • ആന്റണി ചടയംമുറി

*പത്രാധിപസമിതി*

- ഫാ. തോമസ് തറയിൽ
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ • ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* • അഡ്വ . റെനിൽ ആന്റോ

*ലേ ഔട്ട് & ഡിസൈൻ* • മനു ആന്റണി



Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656



കേരളകത്തോലിക്കാസഭയുടെ പ്രഥമ മൾട്ടി മീഡിയ മാഗസിൻ




# പരിശുദ്ധ അമ്മയോട് പ്രാർത്ഥിച്ചും, തിരുസഭാമാതാവിന്റെ കൈപിടിച്ചും...

**EDITORIAL**



2025 നവംബർ 4ന് വിശ്വാസ തിരുസംഘം പുറപ്പെടുവിച്ച "രക്ഷാ പ്രവർത്തനത്തിൽ മറിയത്തിന്റെ സഹകരണത്തെക്കുറിച്ചുള്ള ചില മരിയൻ തലവാചകങ്ങളെക്കുറിച്ച് " എന്ന ഉപദേശ കുറിപ്പ് ഇതിനകം അനാവശ്യവും അനുചിതവുമായ ചില മാധ്യമ വിചാരണകൾക്ക് വിധേയമായിക്കഴിഞ്ഞിട്ടുണ്ട്. പരിശുദ്ധ കന്യകാമറിയത്തെ സംബന്ധിച്ചുള്ള സഭയുടെ ഔദ്യോഗിക നിലപാട് കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ സുവ്യക്തമാക്കിയിട്ടുണ്ടെന്ന യാഥാർത്ഥ്യം തമസ്കരിച്ചുകൊണ്ടാണ് ഈ വിവാദ ചർച്ചകൾ നടന്നത്. മതബോധന ഗ്രന്ഥത്തിലെ 963 മുതൽ 972 വരെയുള്ള നമ്പറുകൾ പരിശുദ്ധ കന്യകാ മാതാവിനെക്കുറിച്ചുള്ള ആധികാരികമായ വിശദീകരണങ്ങൾ നൽകുന്നു. എ.ഡി. രണ്ട്, മൂന്ന് നൂറ്റാണ്ടുകളിൽ ഭക്തിപാരവശ്യത്തോടെ ഉണ്ണിയേശുവിനെക്കുറിച്ച് കെട്ടിച്ചമച്ച കഥകൾ സഭാപണ്ഡിതന്മാർ കർക്കശമായി തന്നെ വിലക്കിയതിന് ചരിത്രരേഖകളുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖയായ 'ജനതകളുടെ പ്രകാശ' ത്തിലെ എട്ടാം അധ്യായത്തിൽ 52 മുതൽ 69 വരെയുള്ള നമ്പറുകളിലും പരിശുദ്ധാകന്യകാമറിയത്തോടുള്ള വീക്ഷണവും വിശദീകരണവും നൽകിയിരിക്കുന്നതായി കാണാം. നമ്പർ 67-ൽ അജപാലന നിയമങ്ങൾ എന്ന തലവാചകത്തിനു കീഴിൽ നിഖ്യാസൂനഹദോസും ട്രെന്റ് കൗൺസിലും ഇതേ വിഷയത്തിൽ വ്യക്തത രേഖപ്പെടുത്തിയതും നമുക്ക് വായിക്കാൻ കഴിയുന്നു. കൂടാതെ പന്ത്രണ്ടാം പിയൂസ് മാർപ്പാപ്പയുടെ അഭിപ്രായം കൂടിയുണ്ട്: ദൈവമാതാവിന്റെ അനന്യമായ മഹത്വത്തെപ്പറ്റി ചിന്തിക്കുമ്പോൾ തെറ്റായ അതിവർണ്ണന

യും അതുപോലെ തന്നെ അതിരു കവിഞ്ഞ സങ്കുചിന്ത മനഃസ്ഥിതിയും ഒഴിവാക്കേണ്ടതാണെന്ന് വിശ്വാസികളെ മാർപാപ്പ ഓർമ്മിപ്പിക്കുകയുണ്ടായി.




ലെയോ പതിനാലാമൻ മാർപ്പാപ്പ ഒപ്പുവച്ച പുതിയ രേഖയിൽ പരിശുദ്ധ കന്യകാമറിയത്തിനു നൽകുന്ന സ്ഥാനപ്പേരുകളിൽ വ്യക്തത വരുത്തിയിട്ടുണ്ട്. "മേറ്റർ പോപ്പുലി ഫിദെലിസ്" എന്ന പേരിലുള്ള ഈ ഉപദേശ കുറിപ്പിന്റെ തലവാചകം "വിശ്വസ്തരായ ആളുകളുടെ അമ്മ" എന്ന് ഭാഷാന്തരം ചെയ്യാവുന്നതാണ്. മരിയൻ ഭക്തിയെക്കുറിച്ചുള്ള ഈ സിദ്ധാന്ത രേഖ മരിയഭക്തിക്ക് വേദഗ്രന്ഥപരമായ അടിത്തറ നൽകുന്നുണ്ട്. വിശ്വാസികളുടെ അമ്മ, ആത്മീയ മാതാവ് തുടങ്ങിയ വിശേഷണങ്ങൾക്ക് സഭ അംഗീകാരം നൽകുന്നതോടൊപ്പം "സഹരക്ഷക"യെന്ന പദപ്രയോഗം ബൈബിൾപരമായി അനുചിതമാണെന്ന് ഈ രേഖ വിശദമാക്കുന്നു. പരിശുദ്ധ അമ്മയോടുള്ള ജനകീയഭക്തിയെ സഭ വിലമതിക്കുന്നുണ്ട്. ക്രിസ്തുവിന്റെ മാനവരാശിക്കു വേണ്ടിയുള്ള രക്ഷാകര പ്രവർത്തനവും പരിശുദ്ധ കന്യകാമറിയവുമായുള്ള ബന്ധവും ഇതേ രേഖയിലെ മൂന്നാമത്തെ ഖണ്ഡികയിൽ ഔദ്യോഗികമായി തന്നെ വിവരിക്കുന്നു. ഇതിനുവേണ്ടി വിശുദ്ധ പൗലോസ് അപ്പസ്തോലന്റെ എഫേസോസുകാർക്കും കൊളോസോസുകാർക്കുമുള്ള ലേഖനങ്ങൾ രേഖയിൽ ഉദ്ധരിക്കുന്നുണ്ട്. വിശുദ്ധ ആഗസ്തീനോസ് എന്ന വേദപാരംഗതന്റെ അഭിപ്രായം കൂടി ഇവിടെ പ്രസക്തമാണ്. "അതേ (മിശിഹായുടെ) അവയവങ്ങളുടെ അമ്മയാണ് മറിയം. കാരണം സഭയിൽ, സഭയുടെ ശിരസ്സിന്റെ അവയവങ്ങളായ വിശ്വാസികൾ ജന്മം കൊള്ളുന്നതിന് സ്നേഹത്തിൽ അവൾ സഹകരിക്കുന്നു" "മിശിഹായെ ലോകത്തിനു മുഴുവൻ രക്ഷയുടെ മൂലതത്വമായി സ്ഥാപിച്ച ദൈവപദ്ധതി ഫലപ്രദമായി പൂർത്തീകരിക്കുന്നതിൽ സഹകരിക്കാൻ സഭ അതുപിയാൽ നിർബന്ധിക്കപ്പെടുമ്പോൾ" ( cf . ജനതകളുടെ പ്രകാശം ) ദൈവശാസ്ത്രപരവും വേദഗ്രന്ഥപരവുമായ തിരുത്തലുകൾ ചില കാലഘട്ടങ്ങളിൽ അനിവാര്യമാണെന്ന് നമുക്ക് ഗ്രഹിക്കാനാകും. പരിശുദ്ധ കന്യകാമറിയത്തോടുള്ള ഉന്നതമായ വണക്കത്തെ (Hyper Dulia ) ഒരു തരത്തിലും ഭംഗപ്പെടുത്തുന്നതോ നിരുൽസാഹപ്പെടുത്തുന്നതോ അല്ല പുതിയ സിദ്ധാന്തരേഖയെന്ന് ഓരോ വിശ്വാസിയും തിരിച്ചറിയണം. ❍

**ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ**
ചീഫ് എഡിറ്റർ

# ഈശോ നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ

## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

### ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.



*നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ്ണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരു ഞങ്ങളോടു ചേരൂ...*

*ജീസസ് ആന്റ് മേരി സന്യാസസഭ*

വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*

**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**



# ക്രിസ്തീയ ഐക്യം സുദൃഢമാകണം: ലെയോ മാർപാപ്പ

SPECIAL REPORT



ബാബു കദളിക്കാട്

**വത്തിക്കാൻ സിറ്റി:** മനുഷ്യന്റെ അന്തസും ശാന്തിയും അസംഖ്യം പ്രശ്നങ്ങളാൽ ഹനിക്കപ്പെടുന്ന ആനുകാലിക സാഹചര്യത്തിൽ ക്രിസ്തീയ സഭകൾക്കിടയിലെ ഐക്യം ഊട്ടിയുറപ്പിക്കേണ്ടത് അനിവാര്യമെന്ന് ലെയോ പതിനാലാമൻ മാർപാപ്പ. നിഖ്യാ സൂനഹദോസിന്റെ 1,700 ാം വാർഷികവേളയിൽ തുറക്കപ്പെടുന്ന പുതിയ ഐക്യ സരണി ലോകസമാധാനത്തിനു ഗുണകരമാകട്ടെയെന്ന പ്രത്യാശ പാപ്പാ പങ്കുവച്ചു. അതേസമയം, യുദ്ധത്തെ ന്യായീകരിക്കാൻ മതത്തെ ഉപയോഗപ്പെടുത്തുന്നത് അങ്ങേയറ്റം അപലപനീയമാണെന്നും പാപ്പാ പറഞ്ഞു.

ലത്തീൻ സഭയിൽ ആഗമനകാലത്തിന്റെ ആരംഭം കുറിക്കുന്നതിന്റെയും, എക്യുമെനിക്കൽ പാത്രിയർക്കേറ്റിന്റെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വിശുദ്ധ അന്ത്രയോസ് അപ്പസ്തോലന്റെ തിരുനാളിന്റെയും, നിഖ്യ സൂനഹദോസിന്റെ 1700 ാമത് വാർഷികം ആചരിക്കപ്പെടുന്നതിന്റെയും പശ്ചാത്തലത്തിൽ, ഇസ്താൻബുളിലുള്ള ഫോക്സ്വാഗൻ അറീനയിൽ കത്തോലിക്കാസഭയിലും മറ്റു ക്രൈസ്തവസഭകളിലും നിന്നുള്ള നിരവധി മെത്രാന്മാരുടെയും ആയിരക്കണക്കിന് ഭക്തജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ നവംബർ 29 നു വൈകുന്നേരം അർപ്പിച്ച വിശുദ്ധ ബലിമധ്യേ നടത്തിയ പ്രഭാഷണത്തിലാണ് ആദ്ധ്യാത്മികജീവിതത്തിലും, സഭാത്മക സമൂഹത്തിലും ഉണ്ടാകേണ്ട മാറ്റങ്ങളെയും വളർച്ചയെയും കുറിച്ച്



ലെയോ പതിനാലാമൻ മാർപാപ്പ ഓർമ്മിപ്പിച്ചത്.
വിശുദ്ധ കുർബാനയിലെ വായനകൾ ആധാരമാക്കി പ്രഭാഷണം ആരംഭിച്ച പാപ്പാ, ഏശയ്യാ പ്രവാചകൻ (2, 15) യൂദാ‌യെയും ജെറുസലേമിനെയും കുറിച്ച് പറയുന്ന വാക്കുകൾ ആധാരമാക്കി, കർത്താവിന്റെ ആലയം നിലനിൽക്കുന്ന പർവതത്തിലേക്ക് എല്ലാ ജനതകളും ഒഴുകുന്നതിനെക്കുറിച്ച് അനുസ്മരിപ്പിച്ചു. സമാധാനം വിരിയുന്ന ഒരു ലോകത്തെക്കുറിച്ചാണ് ഏശയ്യാ പ്രവാചകൻ ഓർമ്മിപ്പിച്ചത്. ഇന്നത്തെ ലോകത്ത് ഈ ഉദ്ബോധനങ്ങൾക്ക് ഏറെ മൂല്യമുണ്ട്. സമാധാനവും ഐക്യവും അനുരഞ്ജനവും സാധ്യമാക്കാനുള്ള എല്ലാവരുടെയും വിളി സുപ്രധാനമാണ്.

തുർക്കി അപ്പസ്തോലിക യാത്രയുടെ ഔദ്യോഗിക ചിഹ്നത്തിലെ പാലത്തിന്റെ ചിത്രത്തെക്കുറിച്ച് പരാമർശിച്ചുകൊണ്ട്, പരസ്പരബന്ധങ്ങൾ വളർത്തേണ്ടതിന്റെ ആവശ്യകത പാപ്പാ എടുത്തുപറഞ്ഞു. മൂന്ന് വിധത്തിലുള്ള ബന്ധങ്ങൾ യാഥാർത്ഥ്യമാകണം.സ്വന്ത സമൂഹത്തിനുള്ളിലേതാണ് ആദ്യത്തേത്. മറ്റ് ക്രൈസ്തവസമൂഹങ്ങളുമായി എക്യുമെനിക്കൽ ബന്ധം വളർത്തണം. ഇതര മതങ്ങളിലെ സഹോദരീസഹോദരങ്ങളുമായുള്ള കണ്ടുമുട്ടലിലൂടെ അവരുമായും ബന്ധങ്ങൾ വളർത്തേണ്ടതുണ്ട്.

കത്തോലിക്കാ സഭയ്ക്കുള്ളിലുണ്ടാകേണ്ട ബന്ധത്തെക്കുറിച്ച് പാപ്പാ എടുത്തുപറഞ്ഞു. തുർക്കിയിൽത്തന്നെ ലത്തീൻ, അർമേനിയൻ, കൽദായ, സിറിയൻ എന്നീ നാല് ആരാധനാക്രമപരമ്പര്യങ്ങളുണ്ട്. മറ്റുള്ളവരുടെ പ്രത്യേകതകളെ അംഗീകരിക്കുന്നതിലൂടെ ഐക്യം പ്രോത്സാഹിപ്പിക്കുന്ന കാതോലികതയാണ് നാം വളർത്തുന്നതെന്ന് പാപ്പാ ഓർമ്മിപ്പിച്ചു. 'ഈ വിശുദ്ധ കുർബാനയിൽപ്പോലും, മറ്റ് ക്രൈസ്തവ സഭാസമൂഹങ്ങളുടെ സാന്നിദ്ധ്യമുണ്ട്. നമ്മുടെ രക്ഷകനായ ക്രിസ്തുവിലുള്ള വിശ്വാസം നമ്മെ ഒരുമിപ്പിക്കുന്നു.' തലേന്ന് ഇസ്നികിൽ (നിഖ്യ) നടന്ന എക്യുമെനിക്കൽ പ്രാർത്ഥന പാപ്പാ പ്രത്യേകം അനുസ്മരിച്ചു. യുദ്ധങ്ങളെയും അക്രമങ്ങളെയും പോലും ന്യായീകരിക്കാൻ മതം ഉപയോഗിക്കപ്പെടുന്ന ഇക്കാലത്ത്, അക്രൈസ്തവരുമായി ഐക്യം സ്ഥാപിക്കേണ്ടതി

ന്റെ പ്രാധാന്യം പാപ്പാ എടുത്തുപറഞ്ഞു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിയുന്നില്ലെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ ഓർമ്മിപ്പിക്കുന്നു. മുൻവിധികളുടെയും വിശ്വാസവുമില്ലായ്മയുടെയും മതിലുകൾ തകർക്കാൻ ആഹ്വാനം ചെയ്ത പാപ്പാ, അങ്ങനെ പ്രത്യാശയുടെ സന്ദേശവാഹകരും സമാധാനസ്ഥാപകരുമാകാൻ ഏവർക്കും സാധിക്കണമെന്ന് ഓർമ്മിപ്പിച്ചു.




## നിഖ്യാ സ്മരണ

നവംബർ28ന് ലെയോ പതിനാലാമൻ പാപ്പാ, നിഖ്യാ എക്യുമെനിക്കൽ കൗൺസിലിന്റെ 1,700 ാം വാർഷികത്തിന്റെ സ്മരണയ്ക്കായി തുർക്കിയിലെ ഇസ്നിക്കിൽ തങ്ങി. 'നിഖ്യാ കൗൺസിൽ വെറുമൊരു ഭൂതകാല സംഭവമല്ല, മറിച്ച് ക്രിസ്ത്യാനികളുടെ പൂർണ്ണമായ ദൃശ്യ ഐക്യത്തിലേക്ക് നമ്മെ നയിക്കേണ്ട ഒരു ദിശാ സൂചകമാണ്'– ജൂണിൽ റോമിൽ നടന്ന നിഖ്യാ സിമ്പോസിയത്തെ അഭിസംബോധന ചെയ്ത് പാപ്പാ പറഞ്ഞിരുന്നു.

നിഖ്യായുടെ അവശിഷ്ടങ്ങൾ അധികമില്ല.ഏകദേശം 10,000 അടി നീളമുള്ള തകർന്ന മതിലുകൾ, ഏതാനും കവാടങ്ങൾ, ഒരു സാമ്രാജ്യത്വ കൊട്ടാരത്തിന്റെ മങ്ങിയ കാൽപ്പാടുകൾ എന്നിവ തുർക്കി നഗരമായ ഇസ്നിക്കിൽ ചിതറിക്കിടക്കുന്നു. എന്നാൽ ഇപ്പോൾ ഭൂരിഭാഗവും അവശിഷ്ടങ്ങളായി കിടക്കുന്നത് നിഖ്യാ വിശ്വാസപ്രമാണത്തിന്റെ ജന്മസ്ഥലമായിരുന്നു. ഇന്നത്തെ മിക്കവാറും എല്ലാ ക്രിസ്ത്യാനികളും പങ്കിടുന്ന വിശ്വാസ പ്രമാണം രൂപം കൊണ്ട ഇടം. ഇസ്നിക്കിൽ, ലെയോ പതിനാലാമൻ പാപ്പായും, എക്യുമെനിക്കൽ പാത്രിയർക്കീസ് ബർത്തലോമിയോ ഒന്നാമനും, ലോകത്തിലെ ക്രിസ്ത്യൻ സഭകളുടെ നേതാക്കളും പ്രതിനിധികളും ഒത്തുചേർന്നു. തദവസരത്തിൽ, ഏവരെയും സ്വാഗതം ചെയ്തുകൊണ്ടും, വാർഷികത്തിന്റെ കാലിക പ്രസക്തി അടിവരയിട്ടുകൊണ്ടും, എക്യുമെനിക്കൽ പാത്രിയർക്കീസ് സംസാരിച്ചു. സെന്റ് ജോർജ് പാത്രിയാർക്കൽ ദേവാലയത്തിൽ നവംബർ 29 ശനിയാഴ്ച നടന്ന ഡോക്സോളജി പ്രാർത്ഥനാ ചടങ്ങിൽ ലെയോ പതിനാലാമൻ പാപ്പാ പ്രഭാഷണം നടത്തി. പാത്രിയർക്കീസ് പരിശുദ്ധ ബർത്തലോമിയോ ഒന്നാമൻ തനിക്കേകിയ സ്വാഗതത്തിനു പാപ്പാ പ്രത്യേകം നന്ദി പറഞ്ഞു. വിശുദ്ധ പോൾ ആറാമൻ, വിശുദ്ധ ജോൺ പോൾ രണ്ടാമൻ, ബെനഡിക്റ്റ് പതിനാറാമൻ, ഫ്രാൻസിസ് എന്നീ തന്റെ മുൻഗാമികളായ പാപ്പാമാരുടെ കാൽച്ചുവടുകളെ പിന്തുടർന്നാണ്



ഈ ദേവാലയത്തിലേക്ക് പ്രവേശിച്ചതെന്നതിൽ താനനുഭവിക്കുന്ന സന്തോഷം പങ്കുവച്ച പാപ്പാ, തന്റെ നിരവധി മുൻഗാമികളെ പരിശുദ്ധ പാത്രിയർക്കീസിന് നേരിട്ട് കാണാൻ സാധിച്ചിട്ടുണ്ടെന്നതും, അവരുമായി ആത്മാർത്ഥവും സഹോദര്യപൂർണ്ണവുമായ സൗഹൃദബന്ധം പുലർത്താൻ കഴിഞ്ഞിട്ടുണ്ടെന്നതും അനുസ്മരിച്ചു. സഭ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ നേരിടുന്നതിൽ പാത്രിയർക്കീസും, തന്റെ മുൻഗാമികളും ഇപ്പോൾ താനും പങ്കിടുന്ന പൊതു താത്പര്യവും പാപ്പാ എടുത്തുപറഞ്ഞു.

താൻ റോമിന്റെ മെത്രാനെന്ന നിയോഗം ഏറ്റെടുത്ത സമയത്തും, വിശുദ്ധ ബലിയിലും പാത്രിയർക്കീസ് സന്നിഹിതനായിരുന്ന കാര്യം പാപ്പാ നന്ദിപൂർവ്വം അനുസ്മരിച്ചു.

തന്റെ ശിഷ്യന്മാർ ഒന്നായിരിക്കണമെന്ന യേശുവിന്റെ പ്രാർത്ഥനയാൽ (യോഹന്നാൻ 17,21) പ്രേരിതരായി, ദൈവത്തിന്റെ സഹായത്തോടെ, ക്രൈസ്തവർ തമ്മിലുള്ള പൂർണ്ണമായ ഐക്യം പുനഃസ്ഥാപിക്കേണ്ടതിന്റെ പ്രാധാന്യവും ചൂണ്ടിക്കാട്ടി.

തുർക്കിയിൽ നവംബർ 27 മുതൽ 30 വരെ ചെലവഴിച്ച പാപ്പാ, നിഖ്യാ സൂനഹദോസിന്റെ 1700 ാമത് വാർഷികത്തിനും, അതുവഴി സഭകൾക്കിടയിലുണ്ടാകേണ്ട ഐക്യത്തിനുമാണ് കൂടുതൽ പ്രാധാന്യം നൽകിയത്. അതേസമയം, സമാധാനവും പൊതുനന്മയും മുന്നിൽ കണ്ട്, ഇസ്ലാം മതമുൾപ്പെടെയുള്ള മതങ്ങളുംക്രൈസ്തവമതവും തമ്മിലുണ്ടാകേണ്ട സഹകരണത്തിന്റെയും ഐക്യത്തിന്റെയും പ്രാധാന്യം എടുത്തുകാണിക്കാനും അപ്പസ്തോലിക യാത്ര ഇടയാക്കിയെന്ന നിരീക്ഷണം പൊതുവേയുണ്ട്. ഈ യാത്രയ്ക്കായി പാപ്പാ തിരഞ്ഞെടുത്ത 'ഒരു കർത്താവും, ഒരു വിശ്വാസവും, ഒരു മാമ്മോദീസായും' എന്ന ആപ്തവാക്യം സാർത്ഥകമായെന്നാണ് പല മാധ്യമങ്ങളും അഭിപ്രായപ്പെട്ടത്. ❍



# ക്രിസ്തീയ കുടുംബങ്ങൾക്കുമുണ്ട് സിനഡൽമാനം

SPECIAL REPORT

**ഫാ. തോംസൺ പഴയചിറപീടികയിൽ,** ജർമ്മനി



**വത്തിക്കാൻ:** വ്യത്യസ്ത സാമൂഹിക, സാമ്പത്തിക, സാംസ്കാരിക സന്ദർഭങ്ങളിൽ, സുവിശേഷവുമായി പൊരുത്തപ്പെടുന്ന ഒരു ജീവിതശൈലിയിലൂടെ, കുടുംബത്തെ പിന്തുണയ്ക്കാനും പ്രതിരോധിക്കാനും പ്രോത്സാഹിപ്പിക്കാനും ഏവർക്കും കടമയുണ്ടെന്ന് ലിയോ പതിനാലാമൻ മാർപാപ്പ. വിവാഹത്തിന്റെയും, കുടുംബജീവിതത്തിന്റെയും പ്രാധാന്യത്തെ അടിവരയിടുന്നതിനും, ഇവയുടെ അജപാലനശുശ്രൂഷയിൽ പരിശീലനം നല്കുന്നതിനുമായി സ്ഥാപിച്ച, ജോൺ പോൾ രണ്ടാമൻ പൊന്തിഫിക്കൽ ദൈവശാസ്ത്ര ഗവേഷണ സ്ഥാപനത്തിലെ അംഗങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു പാപ്പാ. 1980 ലെ കുടുംബത്തെക്കുറിച്ചുള്ള സിനഡിന്റെ പശ്ചാത്തലത്തിൽ വിശുദ്ധ ജോൺ പോൾ രണ്ടാമന്റെ പ്രവചനാത്മക ദർശനത്തിൽ പിറന്ന ഗവേഷണ ശാലയാണിത്. ഒരു അന്താരാഷ്ട്ര സർവകലാശാല എന്ന നിലയിൽ, വിവാഹത്തിന്റെയും കുടുംബത്തിന്റെയും സേവനത്തിൽ എങ്ങനെ ഒരുമിച്ച് വളരാമെന്ന് നന്നായി മനസ്സിലാക്കുന്നതിന് , പരസ്പര ശ്രവണത്തിന്റെ പ്രാധാന്യം പാപ്പാ എടുത്തു പറഞ്ഞു. കുടുംബജീവിതം, തൊഴിൽ ലോകം, സാമൂഹിക നീതി എന്നിവ തമ്മിലുള്ള സംഭാഷണം ത്വരിതപ്പെടുത്തുന്നതിനും, സമാധാനം, ആരോഗ്യ പരിപാലനം, സമഗ്ര മാനവവികസനം, യുവജന തൊഴിൽ, സാമ്പത്തിക സുസ്ഥിരത തുടങ്ങിയ വലിയ പ്രസക്തമായ പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിനും, സ്ത്രീകൾക്കും പുരുഷന്മാർക്കും ഇടയിൽ തുല്യ അവസരങ്ങൾ, പ്രത്യുത്പാദന ഘടകങ്ങൾ



എന്നിങ്ങനെയുള്ള കാര്യങ്ങളെ ഗവേഷണം നടത്തുന്നതിനും, സ്ഥാപനത്തിനുള്ള കടമ പാപ്പാ അടിവരയിട്ടു ചൂണ്ടിക്കാട്ടി. ലോകത്തിലേക്ക് പുതിയ ജീവൻ കൊണ്ടുവരുന്നതിന്റെ സന്തോഷം, കുഞ്ഞിനെ പ്രതീക്ഷിക്കുന്ന സ്ത്രീകളെ വാത്സല്യത്തോടെ അഭിസംബോധന ചെയ്തുകൊണ്ട് ഫ്രാൻസിസ് പാപ്പാ പറഞ്ഞ വാക്കുകൾ ഓർമ്മപ്പെടുത്തിയ പാപ്പാ, മനുഷ്യജീവനുകളെ എല്ലായ്പ്പോഴും ബഹുമാനത്തോടും കരുതലോടും നന്ദിയോടും കൂടി സ്വാഗതം ചെയ്യണമെന്നും, മാതൃത്വത്തെ അതിന്റെ പൂർണ്ണ അന്തസ്സിൽ അംഗീകരിക്കുവാൻ ഭരണകൂടങ്ങൾ തയ്യാറാവണമെന്നും ആവശ്യപ്പെട്ടു. അജപാലന മേഖലയിൽ, ലോകത്തിന്റെ പല പ്രദേശങ്ങളിലും, വിവാഹത്തെ വിലമതിക്കാനോ നിരസിക്കാനോ ഉള്ള പ്രവണതകളെ നമുക്ക് അവഗണിക്കാൻ കഴിയില്ല. എന്നാൽ ഹൃദയങ്ങളെ ആശയക്കുഴപ്പത്തിലാക്കുന്ന പിരിമുറുക്കങ്ങളും പ്രത്യയശാസ്ത്രങ്ങളും മാത്രമല്ല, ആത്മീയത, സത്യം, നീതി എന്നിവയ്ക്കായുള്ള വർദ്ധിച്ചുവരുന്ന അന്വേഷണവും നമ്മുടെ കാലത്തെ അടയാളപ്പെടുത്തുന്നു. അതിനാൽ യുവാക്കളെ കുടുംബജീവിതത്തിലേക്കുള്ള യാത്രയിൽ ഒരുക്കേണ്ടതിന്റെ ആവശ്യകത പാപ്പാ അടിവരയിട്ടു പറഞ്ഞു. സ്നേഹം, വിശ്വാസം, ക്ഷമ, അനുരഞ്ജനം, ധാരണ എന്നീ മൂല്യങ്ങളിൽ ഊന്നിക്കൊണ്ട്, കുടുംബങ്ങളുടെ സിനഡൽ മാനവും പ്രത്യേകം ചൂണ്ടിക്കാട്ടി.

## സമൂഹത്തിലില്ല 'പാഴ് വസ്തു'

സഭയുടെ ഹൃദയം അതിന്റെ സ്വഭാവത്താൽ തന്നെ ദരിദ്രരോടും, പരിത്യക്തരോടും, പാർശ്വവത്കൃതരോടും സമൂഹത്തിലെ 'പാഴ് വസ്തു' എന്ന് കരുതപ്പെട്ടുന്നവരോടും ഐക്യദാർഢ്യത്തിലാണെന്ന് ലിയൊ പതിനാലാമൻ മാർപാപ്പാ. നാടോടിവംശജരുടെ ഭിന്ന വിഭാഗങ്ങളായ 'റോം', 'സിന്ധി', 'കമിനാന്തി' വിഭാഗങ്ങളുടെ, ജൂബിലിയോടനുബന്ധിച്ച് അവരെ വത്തിക്കാനിൽ പോൾ ആറാമൻ ശാലയിൽ സ്വീകരിച്ച് സംബോധന ചെയ്യുകയായിരുന്നു പാപ്പാ. നൃത്തവും പാട്ടുമായി അവർ കൂടിക്കാഴ്ച അവിസ്മരണീയമാക്കി.

1965 സെപ്റ്റംബർ 26ന് വിശുദ്ധ പോൾ ആറാമൻ പാപ്പാ ഇവരുടെ സമൂഹവുമായി നടത്തിയ ചരിത്രപരമായ ലോകകൂടിക്കാഴ്ചയും പാപ്പാ അനുസ്മരിച്ചു. നാടോടിവംശജർ അവരോടൊപ്പം സമ്മാനമായി കൊണ്ടുവന്നിട്ടുള്ളത് അവർക്ക് ഏകദൈവത്തിലുള്ള ശക്തമായ വിശ്വാസവും ആ ദൈവത്തിലുള്ള അചഞ്ചല പ്രത്യാശയും, പലപ്പോഴും സമൂഹത്തിന്റെ അരികുകളിലായുള്ള ക്ലേശകരമായ ജീവിതത്തിന് തകർക്കാനാവത്ത ആത്മവിശ്വാസവും ആണെന്ന് പാപ്പാ പറഞ്ഞു.

ദൈവത്തിൽ മാത്രം ആശ്രയിക്കൽ, ലൗകികവസ്തുക്കളോട് ആസക്തിയില്ലാതിരിക്കൽ, വചനപ്രവർത്തികളിലൂടെ മാതൃകാപരമായ വിശ്വാസം പ്രകടിപ്പിക്കൽ എന്നീ ത്രിവിധകാര്യങ്ങളുടെ സജീവസാക്ഷികളാകാൻ അവർക്കാകുന്നത് ശ്ലാഘനീയമാണ്. തങ്ങളുടെ സംസ്കാരവും നാടോടി സാഹചര്യവും അവയിൽത്തന്നെ സംവഹിക്കുന്ന രക്ഷാകരമായ സൗന്ദര്യത്തിൽ വിശ്വസിക്കാനും അന്തസ്സോടെ മുന്നേറാനും പാപ്പാ അവർക്ക് പ്രചോദനമേകി. അവരും സഭയുടെ സുവിശേഷവത്കരണ ദൗത്യത്തിൽ പങ്കുചേരാൻ വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് ഓർമ്മപ്പെടുത്തുകയും ചെയ്തു.

## പലിശ പിശാചാകരുത്

അന്യായപ്പലിശ ഈടാക്കുന്ന സാമ്പത്തിക സംവിധാനങ്ങൾ ഒരു ജനതയെ മൊത്തം മുട്ടുകുത്തിക്കുന്ന അപകടസാധ്യതയെക്കുറിച്ച് ലിയോ മാർപാപ്പാ മുന്നറിയിപ്പു നല്കി. ഇറ്റലിയിൽ, മൂന്നുപതിറ്റാണ്ടായി പ്രവർത്തനിരതമായ, കൊള്ളപ്പലിശ വിരുദ്ധ ദേശീയ സമിതിയുടെ നൂറ്റിയമ്പതോളം അംഗങ്ങളെ വത്തിക്കാനിൽ സ്വീകരിച്ച് സംബോധന ചെയ്യുകയായിരുന്നു പാപ്പാ. നിരവധിയാളുകളുടെയും കുടുംബങ്ങളുടെയും മേൽ വിനാശകരമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്ന അന്യായപ്പലിശപ്രശ്നം ഇല്ലാതാക്കുന്നതിന് മുപ്പതുവർഷത്തോളമായി ഈ സമിതി നടത്തുന്ന യത്നങ്ങൾക്ക് നന്ദി പറയുന്നതിൽ തന്റെ മുൻഗാമികളോടുകൂടെ താനും ചേരുന്നുവെന്ന് പാപ്പാ പറഞ്ഞു. അന്യായപ്പലിശ പ്രശ്നം അതിപുരാതനമായ ഒന്നാണ്. മറ്റു ചൂഷണങ്ങൾക്കും പാവപ്പെട്ടവർക്കെതിരായ അനീതികൾക്കുമൊപ്പം അതിനെതിരെയും പ്രവാചകന്മാർ ശബ്ദിച്ചിരുന്നത് വേദപുസ്തകത്തിൽ കാണാം. കൊള്ളപ്പലിശ പ്രതിഭാസം മാനവഹൃദയത്തിന്റെ മലിനതയിലേക്കാണ് വിരൽ ചൂണ്ടുന്നതെന്നും ഇതിന്റെ നിഷേധാത്മക ബലതന്ത്രം വ്യത്യസ്ത തലങ്ങളിൽ പ്രകടമാണെന്നും പാപ്പാ പറഞ്ഞു. സാമ്പത്തിക ഞെരുക്കത്തിൽ പെട്ടവരെ, പ്രത്യക്ഷത്തിൽ സഹായിക്കാനെന്ന ഭാവേന എത്തുന്ന കൊള്ളപ്പലിശക്കാർ വളരെ പെട്ടെന്നു തന്നെ താങ്ങാനാവത്ത കനത്ത ഭാരമുള്ള കല്ലായി കാണപ്പെടുന്നുവെന്നും അതിന് ഇരകളാകുന്നത് ദുർബ്ബലരാണെന്നും പാപ്പാ ചൂണ്ടിക്കാട്ടി. കൊള്ളപ്പലിശ ഗുരുതര പാപമാണെന്നും അത് വ്യക്തികളെ അടിമകളാക്കുന്നുവെന്നും പാപ്പാ കുറ്റപ്പെടുത്തി. അന്യായപ്പലിശവിരുദ്ധ സമിതിയുടെ പ്രവർത്തനം



ജൂബിലി വർഷത്തിന്റെ അരൂപിയോടു ചേർന്നുപോകുന്നു. ഈ വർഷത്തിന്റെ സവിശേഷതയായ പ്രത്യാശയുടെ അടയാളമായി ഈ പ്രവർത്തനം മാറട്ടെ. കൊള്ളപ്പലിശയുടെ കളങ്കം പേറുന്നവരുടെ മാനസാന്തരത്തിനൊപ്പം അന്യായ പ്പലിശയ്ക്ക് ഇരകളായവരോടുള്ള സാമീപ്യവും പ്രധാനമാണെന്ന് പാപ്പാ ഓർമ്മി പ്പിക്കുകയും ചെയ്തു.

## നിലയ്ക്കണം പട്ടിണി

പട്ടിണി അവസാനിപ്പിക്കുകയെന്നത് ഏവരുടെയും ധാർമ്മികമായ ഒരു ഉത്ത രവാദിത്വമാണെന്നും, ഇന്നും ലക്ഷക്കണക്കിനാളുകൾ പട്ടിണിയും പോഷകാ



ഹാരക്കുറവും അനുഭവിക്കേണ്ടിവരുന്നത് നാമുൾപ്പെടുന്ന മാനവികതയുടെ പരാജയമാണെന്നും ലിയോ പതിനാലാമൻ പാപ്പാ. ലോകത്ത് പട്ടിണിക്കെതിരെ പോരാടുവാൻ വേണ്ടി ഐക്യരാഷ്ട്രസഭ രൂപം നൽകിയ 'ഭക്ഷ്യ കാർഷിക സംഘടന'യുടെ റോമിലുള്ള കേന്ദ്രത്തിൽ നടത്തിയ തന്റെ പ്രഭാഷണത്തിൽ, പട്ടിണിയും പോഷകാഹാരക്കുറവും പോലെയുള്ള തിന്മകൾ അവസാനിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് പാപ്പാ ആഹ്വാനം ചെയ്തു. ലോകഭക്ഷ്യദിനത്തിന്റെയും ഫാവോ എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഭക്ഷ്യ കാർഷിക സംഘടന സ്ഥാപിക്കപ്പെട്ടതിന്റെ എൺപതാം വാർഷികത്തിന്റെയും കൂടി പശ്ചാത്തലത്തിലാണ് പാപ്പാ ഈ നിർദ്ദേശം മുന്നോട്ടുവച്ചത്. ലോകത്ത് ശുദ്ധജലവും

ഭക്ഷണവും ചികിത്സയും സുരക്ഷിതമായ പാർപ്പിടവും വിദ്യാഭ്യാസവും ലഭിക്കാത്ത അനേകലക്ഷം ജനങ്ങളുണ്ടെന്ന് ഓർമ്മിപ്പിച്ച പാപ്പാ, ഇത്തരം ആളുകളുടെ നിരാശയും കണ്ണീരും ദുരിതവും കണ്ടില്ലെന്ന് നടിക്കാൻ നമുക്കാകില്ലെന്ന് പ്രസ്താവിച്ചു. പട്ടിണിയെ ഒരു യുദ്ധ ആയുധമായി കണക്കാക്കി മറ്റുള്ളവർക്കെതിരെ ഉപയോഗിക്കുന്നത് ഗുരുതരമായ കുറ്റമാണെന്ന് പാപ്പാ ഉദ്ബോധിപ്പിച്ചു.ഉക്രൈൻ, ഗാസ, ഹൈറ്റി, അഫ്ഗാനിസ്ഥാൻ, മാലി, മധ്യ ആഫ്രിക്കൻ റിപ്പബ്ലിക്, യമൻ, തെക്കൻ സുഡാൻ തുടങ്ങി വിവിധയിടങ്ങളിൽ സംഘർഷങ്ങളും യുദ്ധങ്ങളും മൂലം സഹനത്തിനും മരണത്തിനും വിധിക്കപ്പെട്ട് കഴിയുന്ന ജനതകളെ നമുക്ക് മറക്കാതിരിക്കാം. ഇത്തരം വേദനകളുടെയും ദുരിതങ്ങളുടെയും മുന്നിൽ അന്താരാഷ്ട്രസമൂഹത്തിന് കണ്ണടച്ചിരുട്ടാക്കാനാകില്ലെന്ന് പാപ്പാ പ്രസ്താവിച്ചു. ലോകത്ത് നിലനിൽക്കുന്നതും മനുഷ്യാന്തസ്സിനെ ഹനിക്കുന്നതുമായ പട്ടിണിക്കും പോഷകാഹാരക്കുറവിനും പരിഹാരം കണ്ടെത്തുകയെന്നത് വ്യവസായികളുടെയും രാഷ്ട്രീയനേതൃത്വങ്ങളുടെയും ചുരുക്കം ചില ആളുകളുടെയും മാത്രം ചുമതലയല്ലെന്നും, അതിൽ നാമെല്ലാവരും പങ്കുചേരണമെന്നും പാപ്പാ ആഹ്വാനം ചെയ്തു. ദാരിദ്ര്യമനുഭവിക്കുന്നവരെ സഹോദരതുല്യം കണ്ട് സഹായിക്കണം. ലോകത്ത് ഏതാണ്ട് അറുപത്തിയേഴ് കോടിയിലധികം ജനങ്ങളാണ് വിശന്ന് കിടന്നുറങ്ങാൻ നിർബന്ധിതരാകുന്നതെന്ന് പാപ്പാ ഓർമ്മിപ്പിച്ചു. ഇറ്റലിയുടെ പ്രധാനമന്ത്രി ജോർജ്യ മെലോണി , ഐക്യരാഷ്ട്രസഭയുടെ മുൻ സെക്രട്ടറി ജനറൽ ബാൻ കി മൂൺ, ഫാവോയുടെ ജനറൽ ഡയറക്ടർ ക്യു ദോന്ഗ്യൂ തുടങ്ങി, ആയിരത്തി ഇരുന്നൂറോളം പേർ സമ്മേളനത്തിൽ സംബന്ധിച്ചു.

## തിരുക്കല്ലറയുടെ അശ്വാരൂഢസേന

വിശുദ്ധനാട്ടിലെ ക്രൈസ്തവസമൂഹത്തിന് 'ജറുസലേമിലെ തിരുക്കല്ലറയുടെ അശ്വാരൂഢസേന' (Equestrian Order of the Holy Sepulchre of Jerusalem) നൽകുന്ന സേവനങ്ങൾക്ക് നന്ദി പറഞ്ഞും അവരുടെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചും ലിയോ പതിനാലാമൻ പാപ്പാ. ക്രിസ്തുവിന്റെ തിരുക്കല്ലറയുടെ സംരക്ഷണം മാത്രമല്ല, അവിടെയുള്ള വിശ്വാസികളുടെയും അവിടേക്കെത്തുന്ന തീർത്ഥാടകരുടെയും സംരക്ഷണം കൂടി ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ സംഘടന ഉണ്ടായതെന്ന്, ജൂബിലി തീർത്ഥാടനത്തിന്റെ ഭാഗമായി വത്തിക്കാനിലെത്തിയ സേനാംഗങ്ങൾക്ക് പോൾ ആറാമൻ ശാലയിൽ അനുവദിച്ച സ്വകാര്യകൂടിക്കാഴ്ചാമദ്ധ്യേ പാപ്പാ ഓർമ്മിപ്പിച്ചു. ജറുസലേമിലെ ലത്തീൻ പാത്രിയർക്കേറ്റിന്റെ കീഴിലുള്ള സെമിനാരി, സ്കൂളുകൾ, കാരുണ്യപ്രവർത്തനങ്ങൾ തുടങ്ങിയ മേഖലകളിലുള്ള സേവനങ്ങൾക്ക് തിരുക്കല്ലറയുടെ അശ്വാരൂഢസേന നൽകുന്ന സഹായസഹകരണങ്ങൾ പാപ്പാ പ്രത്യേകം പരാമർശിച്ചു. അവിടെയുള്ള തിരുക്കല്ലറയുടെ സംരക്ഷണത്തിനൊപ്പം, 'ജീവനുള്ള കല്ലുകളാൽ നിർമ്മിക്കപ്പെട്ട സഭയെ സഹായിക്കുക കൂടിയാണ് ഇതുവഴി നിങ്ങൾ ചെയ്യുന്നതെ'ന്ന് പാപ്പാ പ്രസ്താവിച്ചു. പ്രത്യാശയുടെ ഈ ജൂബിലി വർഷത്തിൽ തീർത്ഥാടനത്തിനെത്തിയ സേനാംഗങ്ങൾക്ക് മുന്നിൽ പ്രത്യാശയെന്ന ആശയവുമായി ബന്ധപ്പെടുത്തി, ക്രിസ്തുവിന്റെ കല്ലറയ്ക്കരികിലെ പ്രത്യാശയോടെയുള്ള കാത്തിരിപ്പ്, ക്രിസ്തുവിന്റെ ശരീരം തൈലം കൊണ്ട് പൂശാനായി കല്ലറയിലേക്ക് നീങ്ങുന്ന സ്ത്രീകളുടെ പ്രത്യാശയും കാരുണ്യമനോഭാവവും, കല്ലറയിലേക്ക് ഓടുന്ന പത്രോസും യോഹ



ന്നാമം മുന്നോട്ടുവയ്ക്കുന്ന 'ലക്ഷ്യത്തിലേക്കുള്ള നോട്ടം' എന്നീ മൂന്ന് വിഷയങ്ങളെ ആധാരമാക്കി പാപ്പാ പ്രഭാഷണം നടത്തി. യേശുവിന്റെ തിരുക്കല്ലറയ്ക്കരികിൽ പ്രത്യാശയോടെ കാത്തുനിൽക്കുകയെന്നാൽ, തന്റെ വാഗ്ദാനങ്ങൾ കാത്തുപരിപാലിക്കുന്ന ദൈവത്തിലുള്ള വിശ്വാസത്തെ നവീകരിക്കുകയെന്നതുകൂടിയാണ് നാം അർത്ഥമാക്കുന്നത്. കരുത്തും അക്രമവും കാരുണ്യത്തിനും മേലെയാണെന്ന ചിന്ത മുന്നോട്ടുവയ്ക്കുന്ന ഇന്നത്തെ ലോകത്ത്, ജീവൻ മരണത്തെയും, സ്നേഹം വെറുപ്പിനെയും, ക്ഷമ വൈരാഗ്യത്തെയും അതിജീവിക്കുമെന്ന സന്ദേശം നൽകാനാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നതെന്ന് പാപ്പാ ഓർമ്മിപ്പിച്ചു. ജറുസലേമിലെ തിരുക്കല്ലറയുടെ അശ്വാരൂഢസേന ചെയ്യുന്ന സേവനപ്രവർത്തനങ്ങൾ വഴി എത്രയോ ആളുകൾക്കും കുടുംബങ്ങൾക്കും സമൂഹങ്ങൾക്കുമാണ് പ്രത്യാശയുടെ ഒരു കിരണം ലഭ്യമായിട്ടുള്ളത്. കല്ലറയിലേക്ക് ഓടുന്ന പത്രോസും യോഹന്നാനും എത്തിയത് ശൂന്യമായ കല്ലറയ്ക്ക് മുന്നിലേക്കാണെന്ന് ഓർമ്മിപ്പിച്ച പാപ്പാ, അതിലൂടെ തിരുവുത്ഥാനത്തിന്റെ വെളിച്ചത്തിൽ ക്രിസ്തുവിലുള്ള വിശ്വാസം നവീകരിക്കാനുള്ള ക്ഷണമാണ് അവർക്ക് ലഭിച്ചതെന്ന് പറഞ്ഞു. കർത്താവുമായുള്ള കണ്ടുമുട്ടലിനായി ഒരു മത്സരത്തിലെന്നതുപോലെ ഓടാൻ വിശുദ്ധ പൗലോസ് ആഹ്വാനം ചെയ്യുന്നതും പാപ്പാ പരാമർശിച്ചു (1 കോറിന്തോസ് 9, 24–27). തീർത്ഥാടനത്തിലും ഇതുപോലെ നമ്മുടെ ജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യത്തെ നോക്കിയുള്ള ഒരു യാത്രയാണ് നമ്മൾ നടത്തുന്നത്. വത്തിക്കാനിലേക്കെത്തുകയെന്നാൽ ലക്ഷ്യത്തിലേക്കെത്തലല്ലെന്നും, സ്വർഗ്ഗത്തിൽ ദൈവവുമായുള്ള ഐക്യമെന്ന ഏക സത്യ ലക്ഷ്യത്തിലേക്കുള്ള യാത്ര പുനരാരംഭിക്കാനുള്ള ഒരിടം മാത്രമാണിതെന്നും പാപ്പാ ഓർമ്മിപ്പിച്ചു.



## പോർച്ചുഗീസ് കോളജ്

പോർച്ചുഗലിലെ വിവിധ രൂപതകളിൽ നിന്നുള്ള വൈദികർക്ക്, റോമിൽ ഉപരിപഠനം നടത്തുവാനുള്ള സൗകര്യാർത്ഥം 125 വർഷങ്ങൾക്കു മുൻപ് ലിയോ പതിമൂന്നാമൻ പാപ്പാ സ്ഥാപിച്ച, പൊന്തിഫിക്കൽ പോർച്ചുഗീസ് കോളജിലെ അംഗങ്ങളുമായി ലിയോ പതിനാലാമൻ പാപ്പാ കൂടിക്കാഴ്ച്ച നടത്തി. തദവസരത്തിൽ, ഈ കോളജിന്റെ സ്ഥാപന ഉദ്ദേശ്യം ഒന്ന് മാത്രമാണെന്നും, അത് സുവിശേഷം പ്രസംഗിക്കുക എന്നതാണെന്നും പാപ്പാ അടിവരയിട്ടു പറഞ്ഞു.

മനുഷ്യന്റെ പുരോഗതിക്കും, ദൈവത്തിന്റെ മഹത്വത്തിനും വേണ്ടി, സിനഡാത്മക കൂട്ടായ്മ വളർത്തുന്നതിനാണ് ഇന്ന് സഭാസമൂഹം വിളിക്കപ്പെട്ടിരിക്കുന്നതെന്നും, അതിനാൽ പരസ്പരം ശ്രവിക്കുന്നതിനും, മറ്റുളവരിലുള്ള പരിശുദ്ധാത്മപ്രചോദനത്തെ ബഹുമാനിക്കുന്നതിനും, കാലത്തിന്റെ അടയാളങ്ങളെ തിരിച്ചറിയുന്നതിനും, അപ്രകാരം ദൈവരാജ്യം കെട്ടിപ്പടുക്കുന്നതിനായി പരസ്പരം കൂട്ടായ്മയിൽ വർത്തിക്കുന്നതിനും പാപ്പാ ഏവരെയും ആഹ്വാനം ചെയ്തു.

സഭയുടെ സാർവത്രികതയും, ദൈവിക കരുണയും മനസിലാക്കുന്നതിനാണ്, 1900 ജൂബിലി വർഷത്തിൽ ഈ കോളജ് സ്ഥാപിച്ചതെന്നും പാപ്പാ എടുത്തു പറഞ്ഞു. സംസ്കാരങ്ങളുടെ സൗന്ദര്യം പങ്കുവെക്കുന്നതിലൂടെയും , പ്രാദേശിക സഭകളുടെ സമൃദ്ധിക്കും, അജപാലന അനുഭവത്തിനും സാക്ഷ്യം വഹിക്കുന്നതിലൂടെയും, റോമിൽ സഭയുടെ സാർവത്രികതയെക്കുറിച്ചുള്ള ഏവരുടെയും ധാരണ വർധിക്കുന്നുവെന്നു പാപ്പാ സന്ദേശത്തിൽ ചൂണ്ടിക്കാണിച്ചു. ക്രിസ്തുവിന്റെ ഹൃദയത്തിൽ നിന്ന് ഒഴുകുന്ന കരുണയുടെ ദാനത്തെക്കുറിച്ച് കൂടുതൽ തീവ്രമായ അവബോധം നേടാനുള്ള അവസരമാണ് ജൂബിലി വർഷങ്ങൾ എന്ന് ഓർമ്മപ്പെടുത്തിയ പാപ്പാ, കർത്താവിന്റെ കരുണയാർന്ന ഹൃദയത്തിൽ ഏവരെയും പ്രതിഷ്ഠിക്കുവാനും ആഹ്വാനം ചെയ്തു. സമർപ്പിതർക്കിടയിൽ, ഒരു ഗാർഹികമായ അനുഭവം വളർത്തിയെടുക്കണം. രണ്ടാം ലോകമഹായുദ്ധകാലത്ത് യഹൂദന്മാർക്ക് അഭയം കൊടുക്കുവാൻ ഈ കോളജിനു സാധിച്ചിട്ടുള്ളതിനാൽ, ദൈനംദിന സാഹോദര്യം കെട്ടിപ്പടുക്കുക എന്നത് അംഗങ്ങളുടെ പാരമ്പര്യവും ഉത്തരവാദിത്തവുമാണെന്നും പാപ്പാ ഓർമ്മപ്പെടുത്തി ❍



# സമാധാന ദൂതരായി മുറിവുണക്കുക:

## ലിയോ പാപ്പാ



**ഫാ. ഡോ. ലോറൻസ് തൈക്കാട്ടിൽ**

ലെബനോനിൽ അപ്പസ്തോലിക സന്ദർശനം നടത്തുന്നതിനിടയിൽ ലിയോ പാപ്പ സമാധാനത്തിന്റെ വക്താക്കളായി മുറിവുകൾ ഉണക്കുവാൻ രാഷ്ട്ര നേതാക്കന്മാരോടും ജനപ്രതിനിധികളോടും ആവശ്യപ്പെട്ടു. തന്റെ പ്രത്യേക സന്ദേശത്തിൽ സ്ഥിരോത്സാഹത്തോടെ സമാധാനം സംസ്ഥാപിക്കാനായി പ്രവർത്തിക്കാനായിരുന്നു രാഷ്ട്രനേതാക്കളോടുള്ള ലിയോ പാപ്പയുടെ ആഹ്വാനം. 'സമാധാന സംസ്ഥാപകർ ഭാഗ്യവാന്മാർ" എന്ന സുവിശേഷ വചനമാണ് ലെബനോൻ സന്ദർശനത്തിന്റെ ആപ്തവാക്യം. ഈ വാക്യം എടുത്തു പറഞ്ഞു കൊണ്ടാണ് ലെയോ പാപ്പ തന്റെ പ്രസംഗം ആരംഭിച്ചത്.

സമാധാനം എന്നത് കേവലം ഒരു വാക്ക് മാത്രമല്ല എന്നും മറിച്ച് അത് ഒരു ആഗ്രഹവും വിളിയും ദാനവും പ്രയത്നവും ആണെന്ന് പാപ്പ തന്റെ സന്ദേശത്തിൽ പറഞ്ഞു. അധികാരികൾ എന്ന നിലയിൽ സമാധാനം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് സാധാരണക്കാരെ സഹായിക്കുവാൻ രാഷ്ട്രതലവന്മാർക്ക് അധിക ചുമതലയുണ്ടെന്ന് പറഞ്ഞ പാപ്പാ സമാധാന സംസ്ഥാപനമാണ് യഥാർത്ഥ ആനന്ദം കൊണ്ടു വരുന്നതെന്ന് അടിവരയിട്ട് പറഞ്ഞു. ഭയം കൂടാതെ ദൃഢതയോടെ സമാധാനം കെട്ടിപ്പടുക്കുന്നതിനും സ്ഥിരോത്സാഹത്തോടെ ജീവൻ സംരക്ഷിക്കുവാനും വളർത്തുവാനും പാപ്പാ ഉദ്ബോധിപ്പിച്ചു സമാധാനം എന്നത് എന്നത് ഒരു പൊതു ഭാഷയായി ഏവർക്കും കണക്കാക്കാം അത് പ്രത്യാശയുടെ ഭാഷയാണ് എല്ലായ്പ്പോഴും നവമാക്കപ്പെടുന്ന ഭാഷയാണ്.

ലോകം ഇന്ന് അശുഭാപ്തിയുടേയും നിസ്സഹായതയുടേയും വികാരങ്ങളാൽ നയിക്കപ്പെടുകയാണ്. ഈ നിഷേധാത്മക ചിന്തയിൽ നിന്ന് മോചനം നേടാനും അതു വഴി ചരിത്രത്തിന്റെ ഗതി മാറ്റാനും തങ്ങൾക്ക് എന്തു ചെയ്യാൻ കഴിയുമെന്ന് നാം ഗൗരവമായി



ചിന്തിക്കണം. ഒരു പക്ഷെ ഈ വലിയ യജ്ഞത്തിൽ സാധാരണ ആളുകൾ അശക്തരാണെങ്കിലും ചട്ടുലമായ വലിയ തീരുമാനങ്ങൾ എടുക്കാൻ കഴിയുന്നവരാണ് നേതാക്കന്മാർ. ഭയാനകമായ സമ്പദ് വ്യവസ്ഥയുടെ പ്രത്യാഘാതങ്ങളിൽ ഏറെ കഷ്ടതകളും ദുരിതങ്ങളും സഹിച്ച ലെബനൻ ജനതയുടെ പ്രത്യേക പശ്ചാത്തലത്തിൽ ആണ് പാപ്പ സംസാരിച്ചത്. യുവജനങ്ങൾ രാജ്യത്തിന്റെ മുഴുവൻ സ്വപ്നങ്ങളും അഭിലാഷങ്ങളും രൂപപ്പെടുത്താൻ കഴിവുള്ളവരാണ്. ഇവർക്ക് ശക്തിയും പ്രചോദനവുമായി രാഷ്ട്രഭരണാധികാരികൾ നിലനിൽക്കണമെന്നും യുവജനങ്ങളിൽ നിന്നും വേർപിരിയരുതെന്നും പാപ്പ പഠിപ്പിക്കുന്നു. പ്രതിബദ്ധതയോടും അർപ്പണബോധത്തോടും കൂടി നേതാക്കന്മാർ നിലകൊള്ളണം. സമാധാന സംസ്ഥാപകർ അത് സാധ്യമാക്കുന്നത് അനുരഞ്ജനത്തിന്റെ കഠിനമായ പാതയിലൂടെയാവണം എന്ന് പാപ്പ ഉൽബോധിപ്പിച്ചു. വ്യക്തിപരവും കൂട്ടായതുമായ മുറിവുകൾ ഉണങ്ങാൻ നീണ്ട വർഷങ്ങൾ എടുത്തേക്കാം. ഇതൊരു യാഥാർത്ഥ്യവുമാണ്. എന്നാൽ ക്ലേശപൂർണ്ണമായ പാതയിലൂടെ ആണെങ്കിലും മുറിവുകൾ സുഖപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. അനുരഞ്ജനത്തിലൂടെ സമാധാനത്തിലേക്ക് നീങ്ങാൻ മുറിവുകൾ ഉണക്കേണ്ടതാണ്. അനുരഞ്ജനവും സത്യവും ഒരുമിച്ച് വളരേണ്ട പുണ്യങ്ങളാണെന്ന് ലിയോ പാപ്പ പഠിപ്പിക്കുന്നു. മുറിവുണക്കുന്ന അനുരഞ്ജനം പൊതു ലക്ഷ്യരഹിതമായതോ ഭാവിയിലേക്കുള്ള തുറന്ന മനസ്സില്ലാത്തതോ ആയാൽ അത് ദീർഘകാലത്തേക്ക് നീണ്ടു നിൽക്കുകയില്ലെന്നു പാപ്പാ പറയുന്നു. എന്നാൽ പൊതുനന്മ പല താൽപ്പര്യങ്ങളുടേയും ആകെ തുകയെക്കാൾ കൂടുതലാണെന്നും അത് എല്ലാവരുടേയും ലക്ഷ്യങ്ങളെ കഴിയുന്നത്ര അടുപ്പിക്കുകയും ജനതയെ ഐക്യപ്പെടുത്തുകയും ചെയ്യുന്നുവെന്ന് പാപ്പ പഠിപ്പിച്ചു. പരസ്പരം അനുരഞ്ജനപ്പെട്ടു കൊണ്ട് എങ്ങനെ ഒരുമിച്ച് ജീവിക്കണമെന്ന് അറിയുന്നതാണ് സമാധാനമെന്ന് പഠിപ്പിച്ച പാപ്പ ഇതിനായുള്ള ദൈവിക പദ്ധതിയിൽ പങ്കു ചേരേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് പ്രബോധിപ്പിച്ചു. ത്യാഗം ചെയ്യേണ്ടി വരുമ്പോഴും ധൈര്യത്തോടും ദീർഘവീക്ഷണത്തോടും കൂടി പ്രയത്നങ്ങൾ തുടരുന്നതാണ് സമാധാന നിർമ്മാമാതാക്കളുടെ പ്രത്യേകത. അനിശ്ചിതത്വം; അക്രമം; ദാരിദ്ര്യം; മറ്റ് ഭീഷണികൾ തുടങ്ങിയവ ഭാവിയെ ഇരുള് നിറഞ്ഞതാക്കുമ്പോഴും ആരോഗ്യപരമായ കാര്യങ്ങളിൽ ശ്രദ്ധ ചൊലുത്തണമെന്നും, സ്നേഹത്തിന്റേയും സമാധാനത്തിന്റേയും പ്രവർത്തനങ്ങളോട് സഹകരിച്ച് സമാധാനം സംസ്ഥാപിക്കാൻ പാപ്പാ ആവശ്യപ്പെടുന്നു. ദൈവത്തിൽ നിന്നും ലഭിക്കുന്ന വലിയ സമ്മാനമാണ് സമാധാനമെന്നും ഏവരുടേയും ഹൃദയങ്ങളിൽ അത് കുടികൊള്ളുന്നുവെന്നും പഠിപ്പിച്ച ലിയോ പാപ്പ സമാധാനം അപരനിലേക്കു യാത്രയാകുന്ന ആത്മാവിന്റെ ചലനമാണെന്നും പഠിപ്പിക്കുന്നു. ഈ സമ്മാനം വഴി മുറിവുകൾ ഉണങ്ങാൻ കാരണമാകട്ടെ. ❍



# സ്നേഹത്തിന്റെ നീർച്ചാലുകൾ ഒഴുകട്ടെ

*വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ സമീപത്തുള്ള പോൾ ആറാമൻ ശാലയിൽ ഫ്രാൻസീസ് പാപ്പായുടെ പ്രതിവാര പൊതുദർശന പരിപാടിയിൽ സുവിശേഷവത്ക്കരണ തീക്ഷ്ണതയെ അധികരിച്ച് പാപ്പാ നടത്തിയ  പ്രബോധനപരമ്പര.*

ക്രിസ്തു ജീവിക്കുന്നു – ഭാഗം 27



അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**

194, ഒരുപക്ഷേ, നമുക്കുവേണ്ടി നമ്മുടെ മുത്തശ്ശീമുത്തശ്ശന്മാർ കണ്ട് സ്വപ്നം സങ്കല്പിക്കുന്നതിന് നമ്മെ സഹായിക്കാൻ കഴിയുന്ന ഒരു സ്മരണ നമ്മുടെ മാതാപിതാക്കന്മാർ നിലനിർത്തിയിട്ടുണ്ട്. നമ്മുടെ ജനനത്തിനുമുമ്പുപോലും, നമ്മളെല്ലാവരും, നമ്മുടെ മുത്തശ്ശീമുത്തശ്ശന്മാരിൽ നിന്നുള്ള ഒരു അനുഗ്രഹം എന്ന നിലയിൽ, സ്നേഹവും പ്രത്യാശയും നിറഞ്ഞ ഒരു സ്വപ്നം, മെച്ചപ്പെട്ട ഒരു ജീവിതത്തെക്കുറിച്ചുള്ള സ്വപ്നം, സ്വീകരിച്ചിട്ടുണ്ട്. നമ്മുടെ മുത്തശ്ശീ മുത്തശ്ശന്മാർക്കല്ലെങ്കിൽപ്പോലും, തീർച്ചയായും അവരുടെ മാതാപിതാക്കന്മാരിൽ ചിലർക്ക്, പിള്ളത്തൊട്ടിലിലുള്ള അവരുടെ കുട്ടികളെയും അവരുടെ പേരക്കുട്ടികളെയും കുറിച്ചു ചിന്തിച്ചപ്പോൾ, സന്തോഷകരമായ ആ സ്വപ്നം ഉണ്ടായിട്ടുണ്ട്. എല്ലാറ്റിലെയും ആദ്യത്തെ സ്വപ്നം തന്നെ നമ്മുടെ പിതാവായ ദൈവത്തിന്റെ സർഗ്ഗാത്മക സ്വപ്നമാണ്. അത് അവിടുത്തെ എല്ലാ മക്കളുടെയും ജീവിതങ്ങൾക്കുമുമ്പും അവയോടൊപ്പവുമുള്ളതാണ്. തലമുറയിൽനിന്നു തലമുറയിലേക്കു വ്യാപിക്കുന്ന ഈ അനുഗ്രഹത്തിന്റെ



ഓർമ്മ വിലപ്പെട്ട ഒരു പൈതൃകമാണ്. നമുക്കും അതു കൈമാറാൻ കഴിയത്തക്കവണ്ണം നാം അതിനെ സജീവമായി നിലനിർത്തണം. 195. അതുകൊണ്ടാണ് അവരുടെ നീണ്ട കഥകൾ പറയാൻ വൃദ്ധാജനങ്ങളെ അനുവദിക്കുന്നത് ഒരു നല്ല കാര്യമാകുന്നത്. അവ ചിലപ്പോൾ ഐതിഹാസികമോ സാങ്കല്പികമോ ആയി തോന്നാം– അവ വൃദ്ധാജനങ്ങളുടെ സ്വപ്നങ്ങളാണ്. എങ്കിലും, അവ പലപ്പോഴും സമ്പന്നമായ അനുഭവങ്ങൾ, വാചാലമായ പ്രതീകങ്ങൾ, മറഞ്ഞുകിടക്കുന്ന സന്ദേശങ്ങൾ, നിറഞ്ഞവയാണ്. ഈ കഥകൾ പറയാൻ സമയമെടുക്കും. സാമൂഹിക മാധ്യമങ്ങളിൽ നാം പതിവായി കേൾക്കുന്നതിനേക്കാൾ ഏറെ നീണ്ടതാണ് അവയെങ്കിലും, ക്ഷമാപൂർവം അവ ശ്രദ്ധിക്കാനും അവ പൂർത്തിയാക്കാൻ അനുവദിക്കാനും നാം തയ്യാറായിരിക്കണം. ജീവിതത്തിന് ആവശ്യമുള്ള ജ്ഞാനം നമ്മുടെ വർത്തമാനകാല മാധ്യമവിഭവങ്ങളുടെ അതിരുകളെ പിളർക്കുന്നുവെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. 196. "കാലത്തിന്റെ ജ്ഞാനത്തിൽ പങ്കുചേരുന്നത്" (Sharing the Wisdom of Time) എന്ന പുസ്തകത്തിൽ ചോദ്യങ്ങളുടെ രൂപത്തിൽ ഞാൻ ചില ചിന്തകൾ പ്രകടമാക്കി. "ഞാനും  അവരിൽ ഉൾപ്പെടുന്നതായി പരിഗണിക്കുന്ന വൃദ്ധന്മാരെക്കുറിച്ച് ഞാൻ എന്താണ് ചോദിക്കുന്നത്? സ്മരണ സൂക്ഷിപ്പുകാർ എന്ന് ഞാൻ ഞങ്ങളെ വിളിക്കുന്നു. മുത്തശ്ശീമുത്തശ്ശന്മാരായ ഞങ്ങൾ ഒരു ഗായകസംഘം രൂപീകരിക്കേണ്ടതാവശ്യമാണ്. ജീവിതത്തിന്റെ മണ്ഡലത്തിൽ പ്രവർത്തിക്കുകയും പോരാടുകയും ചെയ്യുന്ന വലിയ സമൂഹത്തിന് അപേക്ഷാരൂപത്തിലുള്ള പ്രാർത്ഥനകളും സ്തോത്രഗീതങ്ങളും പിന്തുണ നൽകുന്ന ഒരു വലിയ ആത്മീയസങ്കേതത്തിന്റെ ഒരു സ്ഥിരം ഗായകസംഘമായി വൃദ്ധന്മാരെ ഞാൻ വിഭാവന ചെയ്യുന്നു.' "യുവാക്കളും കന്യകമാരും വൃദ്ധരും ശിശുക്കളും കർത്താവിന്റെ നാമത്തെ സ്തുതിക്കുമ്പോൾ" (സങ്കീ. 148:12–13) അത് മനോഹരമായ ഒരു കാര്യമാണ്. 197. വൃദ്ധരായ ഞങ്ങൾക്ക് എന്താണ് യുവാക്കൾക്കു നൽകാൻ കഴിയുക? "അവരുടേതായ വീരോചിതമായ ഉത്ക്കർഷേച്ഛകളുടെയും അരക്ഷിതത്വങ്ങളുടെയും മിശ്രിതം സ്വന്തമായുള്ള ഇന്നത്തെ യുവജനങ്ങളെ സ്നേഹമില്ലാത്ത ജീവിതം വരണ്ട ജീവിതമായിരിക്കുമെന്ന് നമുക്ക് അനുസ്മരിപ്പിക്കാൻ കഴിയും'. നമുക്ക് അവരോട് എന്തു പറയാൻ സാധിക്കും? "ഭയം നിറഞ്ഞ യുവജനങ്ങളോട് ഭാവിയെക്കുറിച്ചുള്ള ഉത്ക്കണ്ഠ തരണംചെയ്യാൻ കഴിയും എന്നു പറയാൻ നമുക്കു സാധിക്കും.'"197 നമുക്ക് അവരെ എന്തു പഠിപ്പിക്കാൻ സാധിക്കും? 'ലഭിക്കുന്നതിനേക്കാൾ നല്കുന്നതിലാണ് കൂടുതൽ ആനന്ദമെന്നും, സ്നേഹം വാക്കുകളിൽ മാത്രമല്ല പ്രവൃത്തികളിലും വെളിപ്പെടുന്നുവെന്നും തങ്ങളിൽത്തന്നെ അധികം കേന്ദ്രീകരിക്കുന്ന യുവജനങ്ങളെ നമുക്കു പഠിപ്പിക്കാൻ കഴിയും."

**ഒരുമയോടെ അപകടസാധ്യതകൾ ഏറ്റെടുക്കുക**

198. ഉദാരവും പുറത്തേക്കു പോകുന്നതുമായ, പ്രവർത്തിക്കുന്നതും അപകടസാധ്യതകൾ ഏറ്റെടുക്കുന്നതുമായ, ഒരു സ്നേഹം ചിലപ്പോൾ തെറ്റുകൾ ചെയ്തേക്കാം. ഇവിടെ നമുക്ക് മരിയ ഗബ്രിയേല്ലാ പെരിന്റെ കാലോചിതമായ സാക്ഷ്യം കാണാം. ജനിച്ച്

അധികം കഴിയുന്നതിനു മുമ്പ്, അവൾക്ക് അവളുടെ പിതാവിനെ നഷ്ടപ്പെട്ടു; ഉപേക്ഷിച്ചുപോയ അമ്മയുടെയും അമ്മൂമ്മയുടെയും നീണ്ടുനിൽക്കാതിരുന്ന ബന്ധം അവളുടെ ജീവിതത്തെ എപ്രകാരം സ്വാധീനിച്ചുവെന്നതിനെക്കുറിച്ച് അവൾ വിചിന്തനം ചെയ്യുന്നു. "എനിക്കറിയാവുന്നത് ദൈവം കഥകൾ ഉണ്ടാക്കുന്നു എന്നാണ്. അവിടുത്തെ പ്രതിഭയിലും കാരുണ്യത്തിലും, അവിടുന്ന് നമ്മുടെ വിജയങ്ങളും പരാജയങ്ങളും എടുത്ത് വിപരീതസത്യം നിറഞ്ഞ മനോഹരമായ ചിത്രകുളങ്ങൾ നെയ്യുന്നു. ഈ ഘടനയുടെ മറുവശം അതിന്റെ കുരുങ്ങിക്കിടക്കുന്ന നൂലുകളോടുകൂടി– നമ്മുടെ ജീവിതത്തിലെ സംഭവങ്ങളോടുകൂടി– കുഴഞ്ഞു കിടക്കുന്നതായിത്തോന്നാം. സംശയിക്കുമ്പോൾ, നാം വസിക്കുന്നത് ഈ വശത്തായിരിക്കാം. എന്നാൽ, ചിത്രകമ്പളത്തിന്റെ ശരിയായ വശം മനോഹരമായ ഒരു കഥ പ്രദർശിപ്പിക്കുന്നു. ഈ വശമാണ് ദൈവം കാണുന്നത്."മറ്റാളുകൾ ജീവിതത്തോട് അടുത്തുനോക്കുമ്പോൾ, കുരുങ്ങിക്കിടക്കുന്ന നൂലുകൾക്കുപിന്നിൽ എന്താണ് കിടക്കുന്നതെന്ന് പലപ്പോഴും സഹജവാസനയാൽ അവർ അറിയുകയും നമ്മുടെ തെറ്റുകളിൽ നിന്നുപോലും ദൈവത്തിനു സൃഷ്ടിക്കാൻ കഴിയുന്നത് എന്താണെന്ന് തിരിച്ചറിയുകയും ചെയ്യുന്നു. 199. യുവാക്കളും വൃദ്ധരുമായ നാം ഒന്നിച്ചു യാത്ര ചെയ്യുകയാണെങ്കിൽ, നമുക്ക് വർത്തമാന കാലത്തിൽ ദൃഢമായി വേരൂന്നാനും ഇവിടെ നിന്ന് ഭൂതകാലം പുനർസന്ദർശിക്കാനും ഭാവിയിലേക്ക്നോക്കാനും കഴിയും. ചരിത്രത്തിൽ നിന്നു പഠിക്കാനും പഴയ മുറിവുകൾ സുഖപ്പെടുത്താനുംവേണ്ടി ഭൂതകാലം സന്ദർശിക്കുന്നത് ചിലപ്പോൾ ഇപ്പോഴും നമ്മെ ശല്യപ്പെടുത്തുന്നു. നമ്മുടെ ഉത്സാഹത്തെ പോഷിപ്പിക്കാൻവേണ്ടി ഭാവിയിലേക്ക് നോക്കുന്നത് സ്വപ്നങ്ങൾ ആവിർഭവിക്കുന്നതിനും പ്രവചനങ്ങൾ ഉണർത്തുന്നതിനും പ്രത്യാശ പുഷ്പിക്കുന്നതിനും ഇടയാക്കുന്നു. ഒന്നിച്ച് നമുക്ക് അന്യോന്യം പഠിക്കാനും ഹൃദയങ്ങളെ ഊഷ്മളമാക്കാനും സുവിശേഷ വെളിച്ചംകൊണ്ട് മനസ്സുകളെ പ്രചോദിപ്പിക്കാനും നമ്മുടെ കരങ്ങൾക്ക് പുതിയ ശക്തി നൽകാനും സാധിക്കും. 200. വേരുകൾ കഴിഞ്ഞ കാലങ്ങളോട് നമ്മെ ബന്ധിപ്പിക്കുകയും, വർത്തമാനകാലത്തെ നേരിട്ട് പുതിയ ചിലത് സൃഷ്ടിക്കുന്നതിൽനിന്ന് നമ്മെ തടയുകയും ചെയ്യുന്ന നങ്കൂരങ്ങളല്ല. മറിച്ച്, അവ നമുക്ക വളരുകയും പുതിയ വെല്ലുവിളികളെ നേരിടുകയും ചെയ്യാൻ കഴിയുന്ന ദൃഢമായ ഒരു ബിന്ദുവാണ്. "ഇരിക്കുകയും കഴിഞ്ഞകാലത്തിനുവേണ്ടി ആഗ്രഹിക്കുകയും ചെയ്യുന്നതുകൊണ്ട്" നമുക്ക് ഒരു ഗുണവുമില്ല; യാഥാർത്ഥ്യബോധത്തോടും സ്നേഹത്തോടുംകൂടി നാം നമ്മുടെ സംസ്കാരത്തെ കണ്ടെത്തുകയും അതിനെ സുവിശേഷംകൊണ്ടു നിറയ്ക്കുകയും ചെയ്യണം. ഇന്ന് ഒരു പുതിയ കാലഘട്ടത്തോട് യേശുവിന്റെ സദ്വാർത്ത പ്രഘോഷിക്കാൻ നാം അയക്കപ്പെട്ടിരിക്കുന്നു. ഈ കാലത്തെ അതിന്റെ എല്ലാ അവസരങ്ങളോടും അപകടസാധ്യതകളോടും, അതിന്റെ സന്തോഷങ്ങളോടും സങ്കടങ്ങളോടും, അതിന്റെ സമ്പന്നതകളോടും പരിമിതികളോടും, അതിന്റെ വിജയങ്ങളോടും പരാജയങ്ങളോടും കൂടി നാം സ്നേഹിക്കേണ്ടതാവശ്യമാണ്."201. സിനഡിന്റെ സമയത്ത്, സമോവൻ ദ്വീപുകളിൽ നിന്നുള്ള യുവ ഓഡിറ്റർമാരിൽ ഒരാൾ തിരുസഭയെ ഒരു ചെറുവള്ളത്തോടുപമിച്ചു സംസാരിച്ചു. അതിൽ നക്ഷത്രങ്ങളുടെ സ്ഥാനം നിർണ്ണയിച്ച് വള്ളത്തിന്റെ ഗതി നിയന്ത്രിക്കാൻ വൃദ്ധന്മാർ സഹായിക്കുന്നു. അതേസമയം, മുമ്പിൽ അവരെ കാത്തിരിക്കുന്നത് എന്താണെന്നു സങ്കൽപിച്ചുകൊണ്ട്, യുവജനങ്ങൾ തുഴഞ്ഞുകൊണ്ടേയിരിക്കുന്നു. അർത്ഥശൂന്യമായ ഒരു ഭൂതകാലത്തെയാണ് വൃദ്ധന്മാർ പ്രതിനിധീകരിക്കുന്നതെന്നു വിചാരിക്കുന്ന യുവജനങ്ങളെയും യുവജനങ്ങൾ എങ്ങനെ പ്രവർത്തിക്കണമെന്നു തങ്ങൾക്കറിയാം എന്ന് എപ്പോഴും വിചാരിക്കുന്ന വൃദ്ധന്മാരെയും വ്യക്തമായി നിയന്ത്രിക്കണം. മറിച്ച്, നമ്മൾക്കെല്ലാവർക്കും ഒരേ വള്ളത്തിന്റെ മുകൾഭാഗത്തേക്കു കയറുകയും നിരന്തരം നവീകരിക്കപ്പെടുന്ന പരിശുദ്ധാത്മാവിന്റെ ചലനശക്തിയോടുകൂടി ഒന്നിച്ച് മെച്ചപ്പെട്ട ഒരു ലോകം തേടുകയും ചെയ്യാം. ❍




# ദൈവരാജ്യത്തിന്റെ കനലുകൾ നെഞ്ചിലേറ്റിയ മിഷണറി

**തേക്കിൻകാട് ജോസഫ്**



അജപാലന ശുശ്രൂഷയിൽ തിളങ്ങി നിന്ന അപൂർവ വ്യക്തിത്വമായിരുന്നു, ഈയിടെ അന്തരിച്ച ഫാ. ജോസഫ് കൊല്ലിത്താനത്തു മലയിൽ. സദാ കർമനിരതനായ ഒരു വൈദിക ശ്രേഷ്ഠൻ. സേവനനിർഭരമായ മിഷനറി പ്രവർത്തനത്തിന്റെ അരനൂറ്റാണ്ടു പിന്നിട്ട കർമയോഗിയായിട്ടാണ് ഞങ്ങൾ ജോസഫ് അച്ചനെ കണ്ടിരുന്നത്. 1967–70 കാലഘട്ടത്തിൽ ഉത്തരപ്രദേശിലെ വാരണാസിയിലെ ക്രൈസ്റ്റ് നഗറിൽ പോസ്റ്റലൻസിയും നൊവിഷ്യേറ്റും പൂർത്തിയാക്കി സുനീത് എന്ന പേരു സ്വീകരിച്ചു. പിന്നീടുള്ള അദ്ദേഹത്തിന്റെ കർമകാണ്ഡം സുവർണ്ണ ലിപികളിൽ രേഖപ്പെടുത്തി വയ്ക്കേണ്ടതാണ്. ബീഹാർ ഹജാരി ബാഗ് കൊടർമാ മിഷണറി സ്കൂളിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചു. തദ്ദേശ വാസികളുടെ സ്നേഹവാത്സല്യങ്ങൾ ഏറ്റുവാങ്ങി. പിന്നീട് അലഹബാദ് രൂപതയിലെ തെരേസാപൂർ ഇടവകയിൽ വികാരിയായും പാരീഷ് സ്കൂൾ മാനേജരായും ഐ.എം.എസ് മൈനർ സെമിനാരിയിൽ അധ്യാപകനായും സേവനനിരതമായ നാളുകൾ. ഒപ്പം വാരണാസി പ്രോവിൻസിന്റെ ട്രഷററായും പ്രവർത്തിച്ചു.


ഇന്ത്യയിലെ മിഷണറി പ്രവർത്തന പന്ഥാവിൽ ഒതുങ്ങുന്നതല്ല അദ്ദേഹത്തിന്റെ സേവനകാലം. രൂപതാധികാരികൾ അദ്ദേഹത്തെ അമേരിക്കയിലെ ഓസ്റ്റിൻ രൂപതയിൽ പാസ്റ്ററായി സേവനമനുഷ്ഠിക്കാൻ നിയോഗിച്ചു. അവിടെയും അദ്ദേഹം സുസമ്മതനായ ഭരണാധികാരിയായി. 2012 ൽ ഇന്ത്യയിൽ തിരികെയെത്തി ഖാഗ സെന്റ് മേരീസ് സ്കൂളിന്റെ മാനേജരും സുപ്പീരിയറുമായി ദൈവകൃപ അദ്ദേഹം സാർത്ഥകമാക്കി.

2019 ൽ അലഹബാദ് രൂപതയിലെ ഫത്തേപ്പൂരിൽ ഐ.എം.എസിന്റെ സെന്റ് മേരീസ് സ്കൂളിന്റെ ചുമതല ഏറ്റെടുത്തു. അജപാലന ശുശ്രൂഷ ജീവിതദൗത്യമായി സ്വീകരിച്ച അദ്ദേഹം തന്റെ കർമകാണ്ഡം ദൈവത്തിനു സമർപ്പിച്ച് പ്രാർത്ഥനയിലും അനുധ്യാനത്തിലും മുഴുകിയ വൈദിക ശ്രേഷ്ഠനായിരുന്നു.



## പ്രാർത്ഥനാശംസകൾ

ഗൾഫ് രാജ്യങ്ങളിലെ സിറോ മലബാർ റീത്തിൽപെട്ട വിശ്വാസികൾക്ക് വേണ്ടിയുള്ള അപ്പോസ്തോലിക് വിസിറ്ററായി നിയമിതനായ ഫാദർ ജോളി വടക്കൻ. പി ഒ സി യിൽ പ്രീഫെക്ട് ഓഫ് സ്റ്റഡീസ് കെ സി ബി സി മീഡിയ കമ്മീഷൻ സെക്രട്ടറി തുടങ്ങിയ ചുമതലകൾ വഹിച്ചിട്ടുള്ള ഫാ. ജോളി ഇരിഞ്ഞാലക്കുട രൂപതാ വൈദികനാണ്. രൂപതയുടെ വികാരി ജനറൽ സ്ഥാനം വഹിച്ചു വരവെയാണ് പുതിയ നിയമനം.




## INFO POC

## പ്രസിദ്ധീകരിച്ചു

**ഒരു സിനഡാത്മക സഭയ്ക്കായി : കൂട്ടായ്മാ പങ്കാളിത്തം, പ്രേഷിത ദൗത്യം**

**വിവർത്തനം:**

**ഡോ. ജേക്കബ് പ്രസാദ്**

Published by:

PASTORAL ORIENTATION CENTRE
PB No.2251, PALARIVATTOM, KOCHI
PIN: 682 025,
Phone: +91 484 280 5897, 280 5722, 280 5815
Fax: +91 484 280 5897

**വില 200 രൂപ**

ദൈവാഭിമുഖ്യമുള്ള ഒരു കുടുംബത്തിലാണ് അദ്ദേഹത്തിന്റെ ജന്മം. കുറവിലങ്ങാടിനടുത്തുള്ള വെമ്പള്ളി ഇടവകയിലെ കെ.ജെ. ചാക്കോ -മറിയം ദമ്പതികളുടെ 9 സന്താനങ്ങളിൽ ഒരാളായിരുന്നു ജോസഫച്ചൻ. ഈ കുടുംബത്തിൽ തന്നെ രണ്ടു വൈദികരും ഒരു സന്ന്യാസിനിയുമുണ്ട്. സഹോദരനായ ഫാ. എബ്രഹാം കൊല്ലിത്താനത്തുമലയിൽ പാലാ രൂപതയിലെ മുൻ വികാരി ജനറാളാണ്. മറ്റൊരു സഹോദരനായ ഫാ. പോൾ കൊല്ലിത്താനത്തുമലയിൽ പോർച്ചുഗൽ ലിസ്ബൺ രൂപതയിൽ ഫൊറോന വികാരിയാണ്. സഹോദരി റവ. സിസ്റ്റർ ലിറ്റി ഗോരഖ്പൂർ മിഷനിൽ സേവനമനുഷ്ഠിക്കുന്നു. അന്നക്കുട്ടി, മേരി, ലില്ലി, മാത്തച്ചൻ, ടോമി എന്നിവരാണ് മറ്റു സഹോദരങ്ങൾ.
സുകൃത ജീവിതം കൊണ്ട് ധന്യനായ ഒരു കർമയോഗി എന്ന് ജോസഫച്ചനെ വിശേഷിപ്പിക്കാനാണ് എനിക്കിഷ്ടം.❍





# ഭരണകൂടം കേൾക്കാതെ പോകുന്ന നിലവിളികൾ

**വാർത്ത**


**ആന്റണി ചടയംമുറി**

ഇന്ത്യയിലെ 75 ശതമാനം ജനങ്ങളും വസിക്കുന്നത് ഭൂകമ്പ സാധ്യതയുള്ള പ്രദേശങ്ങളിലാണെന്ന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (BIS) മുന്നറിയിപ്പ് നൽകിക്കഴിഞ്ഞു. ഇന്ത്യയുടെ ഭൂവിസ്തൃതിയുടെ 61 ശതമാനം വരുമിത്. കേരളത്തിലാകട്ടെ 4 മുതൽ 6 ശതമാനം വരെയുള്ള പ്രദേശങ്ങളിൽ ഭൂകമ്പ സാധ്യതയുള്ളതായി ഇതേ റിപ്പോർട്ടിലുണ്ട്. വയനാട് ഉരുൾപൊട്ടൽ പോലെയുള്ള ദുരന്ത സാധ്യതകൾ വിദഗ്ധർ ഇപ്പോഴും തള്ളിക്കളയുന്നില്ല. ഇപ്പോൾ ദുരന്തമുണ്ടായ മുണ്ടക്കൈ–ചൂരൽമല പ്രദേശങ്ങളിൽ പോലും ഇനിയും ദുരന്തങ്ങൾ സംഭവിച്ചേക്കാമെന്ന് മുന്നറിയിപ്പുണ്ടായിട്ടും വയനാട് തുരങ്കപാത നിർമ്മിക്കാൻ സർക്കാർ തിരക്കു കൂട്ടുന്നത് നാം കണ്ടു കഴിഞ്ഞു. ദുരന്തബാധിതരുടെ പുനരധിവാസത്തെക്കാൾ തുരങ്കപാത നിർമ്മാണത്തിന് മുൻഗണന നൽകിയ ഭരണകൂടം കേൾക്കാതെ പോയതും കാണാതെ പോയതും പാവം മനുഷ്യരുടെ നിലവിളികളാണ്. ഒരു ദുരന്തമുണ്ടായാൽ പോലും അതിൽ നിന്നുള്ള സാമ്പത്തികനേട്ടത്തിനാണോ ഭരിക്കുന്നവർ കൂടുതൽ ശ്രദ്ധ നൽകുന്നത്? രാഷ്ട്രീയ പാർട്ടികളുടെ ഭവനനിർമ്മാണ പദ്ധതികൾ പോലും വയനാട്ടിൽ ഇഴഞ്ഞുനീങ്ങുകയാണ്. കഷ്ടമെന്നല്ലാതെ എന്തു പറയാൻ?

**ചിന്ത**

മനുഷ്യന്റെ ശ്രേഷ്ഠതയ്ക്ക് കോട്ടംതട്ടിക്കുന്ന പതിതവത്ക്കരണത്തിന്റെ തുടർസാഹചര്യങ്ങളോട് അംഗീകരിക്കാനാവാത്ത വൈരുധ്യം സൃഷ്ടിക്കുന്ന പാഴാക്കലിന്റെയും ഉപഭോഗത്തിന്റെയും ഒരു തരം 'അതി വികസനം' നമ്മുടെയിടയിലുണ്ട്.

**– ഫ്രാൻസിസ് പാപ്പ (കർത്താവേ അങ്ങേയ്ക്ക് സ്തുതി – പേജ് 94)**


KCBC
Media commission
പ്രതിമാസം
പി. ഒ. സി
CLF Christian Leaderships
Bangalore, presents
Christmas
Cantata
16
DECEMBER, 2025,
5.30 PM
KCBC
MEDIA

VATHICAN THARANGAM
RN 55178/94
Total Pages 28 Date of Publication 30-11-2025




Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Sebastian Milton Kalappurakkal.